**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4721** **19-03-2025 - ൽ മറുപടിയ്ക്ക്**

**വള്ളിക്കുന്ന് മണ്ഡലത്തിലെ ജൽജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽജീവൻ പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ ഇടുന്നതിന് വള്ളിക്കുന്ന് മണ്ഡലത്തിൽ നിലവിൽ എത്ര റോഡുകൾ പൊളിച്ചിട്ടിരിക്കുകയാണ്; അവയുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി വള്ളിക്കുന്ന് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള 59 കി. മീറ്റർ റോഡുകളിലൂടെയും, 221 കി. മീറ്റർ പഞ്ചായത്ത് റോഡുകളിലൂടെയും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി കുഴിയെടുത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡുകൾ റീസ്റ്റോർ ചെയ്യാൻ ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ജല ജീവൻ മിഷൻ ഫണ്ടിൽ നിന്നും വള്ളിക്കുന്ന്, തേഞ്ഞിപ്പാലം, ചേലേമ്പ്ര പഞ്ചായത്തുകളിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനു വേണ്ടി വെട്ടിപൊളിച്ച റോഡുകൾ പുനരുദ്ധാരണം ചെയ്യുന്നതിന് കേരള വാട്ടർ അതോറിറ്റി മലപ്പുറം പി എച്ച് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് സാമ്പത്തികാനുമതി (FS) നൽകിയിട്ടുണ്ട്.<br><br>ചേലേമ്പ്ര – 1054.00 ലക്ഷം രൂപ.<br><br>വള്ളിക്കുന്ന് – 1189.00 ലക്ഷം രൂപ.<br><br>തേഞ്ഞിപ്പാലം – 493.40 ലക്ഷം രൂപ.<br><br>പെരുവള്ളൂർ പഞ്ചായത്തിലെ പൈപ്പ് ലൈൻ സ്ഥാപിക്കാൻ പൊളിച്ച ഭാഗം റോഡുകൾ പുനരുദ്ധാരണം ചെയ്യുന്നതിന് (73 കി.മീ. റോഡ്) ജല ജീവൻ മിഷൻ പെരുവള്ളൂർ പാക്കേജ് 2 ൽ ഉൾപ്പെടുത്തി പ്രവൃത്തി ദർഘാസ് ചെയ്തിട്ടുണ്ട്.<br><br>പള്ളിക്കൽ പഞ്ചായത്തിലെ ഫേസ് 2 ൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ സ്ഥാപിക്കാൻ പൊളിച്ച ഭാഗം (23 കി.മീ.) റോഡ് പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | റീസ്റ്റോറേഷനു വേണ്ടി ലഭിച്ച ഫണ്ടുപയോഗിച്ച് ഗതാഗതയോഗ്യമല്ലാത്ത റോഡിന്റെ ഫുൾ വിഡ്ത്തിൽ റീസ്റ്റോർ ചെയ്യാൻ പാടില്ല എന്ന നിയമം നിലവിലുണ്ടോ; | (സി) | ജൽ ജീവൻ മിഷൻ പ്രവൃത്തിക്കു ലഭിച്ച ഭരണാനുമതി പ്രകാരം പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി പൊളിച്ച ഭാഗം മാത്രം പുനരുദ്ധരിക്കുന്നതിനാണ് ഫണ്ട് ലഭ്യമായിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | ജൽജീവൻ മിഷൻ പദ്ധതിക്കായി പൊളിച്ച റോഡുകളുടെ റീസ്റ്റോറേഷനു വേണ്ടി വകയിരുത്തിയ തുക റോഡുകളുടെ പരിപാലന ചുമതലയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയാൽ പൈപ്പ് ലെയിൻ സ്ഥാപിക്കാൻ പൊളിച്ച ഭാഗം ജൽജീവൻ മിഷൻ ഫണ്ട് ഉപയോഗിച്ചും ശേഷിക്കുന്ന ഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡ് സംരക്ഷണ ഫണ്ട് ഉപയോഗിച്ചും ഫുൾ വിഡ്ത്തിൽ റെസ്റ്റോർ ചെയ്യുവാൻ സാധിക്കും എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (ഡി) | പഞ്ചായത്ത് റോഡുകളുടെ പുനഃസ്ഥാപന ത്തിനായി ജല ജീവൻ മിഷനിൽ അംഗീകാരം ലഭിച്ച പ്രവൃത്തികൾ KWA കരാർ ചെയ്തു നടപ്പിലാക്കി വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി എടുക്കുന്ന കുഴിയുടെ വീതിയിൽ റോഡുകൾ പുനർ നിർമ്മിക്കുന്നതിനുള്ള തുകയ്ക്കാണ് ജല ജീവൻ മിഷനിൽ അനുമതി ലഭിച്ചിട്ടുള്ളത്. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് റോഡ് റിസ്റ്റോറേഷൻ പൈപ്പ് ലൈൻ പ്രവൃത്തിയുടെ ഭാഗമായും അധിക പ്രവൃത്തിയായും പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. നിർവഹണ ഏജൻസി മുഖേനയും അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും റോഡ് റിസ്റ്റോറേഷൻ പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് റോഡുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്ന തിനായി റോഡുകൾ മുറിക്കേണ്ട സാഹചര്യത്തിൽ പ്രസ്തുത റോഡുകളുടെ പുനസ്ഥാപനം സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികളുടെ വിശദമായ മാർഗ്ഗരേഖ ഉൾപ്പെടുത്തിക്കൊണ്ടുള്ള സർക്കുലർ 08-01-2024 ൽ പുറപ്പെടുവിച്ചിട്ടുണ്ട്. ജല ജീവൻ മിഷൻ പ്രവൃത്തികളുമായി ബന്ധപ്പെട്ട റോഡ് പുനസ്ഥാപന പ്രവൃത്തികൾ ജല ജീവൻ മിഷൻ പദ്ധതിയിൽ ലഭിച്ച ഭരണാനുമതി പ്രകാരമുള്ള രീതിയിൽ റിസ്റ്റോറേഷൻ ഗ്രാമപഞ്ചായത്തുകൾ നേരിട്ട് നടപ്പിലാക്കുന്ന സാഹചര്യത്തിൽ പ്രവൃത്തികൾ നടപ്പിലാക്കാനായി കരാറിൽ ഏർപ്പെടുന്ന കരാറുകാരനെ പി.എഫ്.എം.എസ് പോർട്ടലിൽ വെണ്ടറായി ഉൾപ്പെടുത്തി ബില്ലുകൾ ജല ജീവൻ മിഷന്റെ മാർഗരേഖകൾക്കനുസരിച്ച് നിലവിലെ സീനിയോറിറ്റിയിൽ നൽകാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ